"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ **പാലാ കെ.എം മാണി മെമ്മോറിയൽ ജനറൽ ആശുപത്രി**യിൽ കാൻസർ ചികിത്സയ്ക്കാവശ്യമായ സൗകര്യമൊരുക്കുന്നതിന് നഗരസഭയുടെ വിഹിതത്തിനൊപ്പം ജില്ലാ പഞ്ചായത്തിന്റെയും മീനച്ചിൽ താലൂക്കിലെ മറ്റ ഗ്രാമപഞ്ചായത്തുകളുടെയും വിഹിതം നൽകുന്നതിന് **അനുമതി നൽകി** ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

G.O.(Rt) No.133/2025/LSGD തീയതി,തിരുവനന്തപുരം, 15-01-2025

---

പരാമർശം:- 1. പാലാ നഗരസഭാ ചെയർമാന്റെ 12.11.2024-ലെ G2/6827/21 (Vol2) നമ്പർ കത്ത്(SRG /1114/24)

2. വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 5.12.2024 ലെ 4.13 നമ്പർ യോഗതീരുമാനം

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ പാലാ നഗരസഭയുടെ നിയന്ത്രണത്തിലുള്ളതും നഗരസഭയിലുള്ളവർക്കും, മീനച്ചിൽ താലൂക്കിലെ പന്ത്രണ്ടോളം ഗ്രാമപഞ്ചായത്തിലെ നിവാസികൾക്കും പ്രയോജനപ്പെടുന്നതും, കോട്ടയം ജില്ലയിൽ ഓങ്കോളജി വിഭാഗം പ്രവർത്തിക്കുന്ന ഏക ജനറൽ ആശുപത്രിയും, കാൻസർ കെയർ യൂണിറ്റ് കൂടാതെ ഡയാലിസിസ് യൂണിറ്റടക്കം മറ്റ് സേവനങ്ങളുള്ളതുമായ **പാല കെ. എം. മാണി മെമ്മോറിയൽ ജനറൽ ആശുപത്രിയ്ക്ക്** മികച്ച സേവനം നൽകുന്നതിന് എച്ച്.എം.സി. ഫണ്ട് തികയാത്തതിനാൽ പാലാ നഗരസഭയുടെ വിഹിതത്തിനൊപ്പം മീനച്ചിൽ താലൂക്കിലെ മറ്റ ഗ്രാമപഞ്ചായത്തുകളിൽ നിന്നും, ജില്ലാ പഞ്ചായത്തിൽ നിന്നും വിഹിതം പാലാ ജനറൽ ആശുപത്രിക്ക് നൽകാൻ അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം പാലാ നഗരസഭാ ചെയർമാൻ അപേക്ഷിച്ചിരുന്നു.

ഇക്കാര്യം 5/12/2024 ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻകമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ **10.02.2021** ൽ ചേർന്ന യോഗത്തിൽ പാല കെ. എം. മാണി മെമ്മോറിയൽ ജനറൽ ആശുപത്രിയ്ക്ക് കോബോൾട്ട് റേഡിയേഷൻ മെഷിൻ വാങ്ങുന്നതിന് ഫണ്ട് നൽകുന്നതിന് ജില്ലാ പഞ്ചായത്തിനും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിരുന്നതിന്റെ തുടർച്ചയായി പരാമർശം (2) തീരുമാന പ്രകാരം ക്യാൻസർ ചികിത്സയ്ക്കാവശ്യമായ വിദഗ്ധർ ആശുപത്രിയിൽ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന വ്യവസ്ഥയോടെ കോട്ടയം ജില്ലയിലെ **പാല കെ. എം. മാണി മെമ്മോറിയൽ ജനറൽ ആശുപത്രിയ്ക്ക്** കാൻസർ ചികിത്സയ്ക്കാവശ്യമായ സൗകര്യമൊരുക്കുന്നതിന് നഗരസഭയുടെ വിഹിതത്തിനൊപ്പം ജില്ലാ പഞ്ചായത്തിന്റെയും മീനച്ചിൽ താലൂക്കിലെ മറ്റ ഗ്രാമപഞ്ചായത്തുകളുടെയും വിഹിതം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
DEPUTY SECRETARY

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
Date: 15-01-2025 17:18:46
സെക്ഷൻ ഓഫീസർ

പകർപ്പ്.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ,പട്ടം, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി , പാലാ നഗരസഭ, കോട്ടയം ജില്ല
ചെയർമാൻ, പാലാ നഗരസഭ, കോട്ടയം ജില്ല
സെക്രട്ടറി , ജില്ലാ പഞ്ചായത്ത് കോട്ടയം ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി3/1/2025/എൽ.എസ്.ജി.ഡി)